എക്സ്പോർട്ട് സോണിൽ കാണാതെ വരുന്നതെന്തുകൊണ്ടാണ് എന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മറ്റെന്തെങ്കിലും നടപടി സ്വീകരിച്ച് ആ രംഗത്തേക്ക് കൂടുതൽ വ്യവസായികളെ ആകർഷിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഈ പറഞ്ഞതെല്ലാം വ്യവസായികളെ ആകർഷിക്കാൻവേണ്ടി ചെയ്തതാണ്. ഇനിയും ചെയ്തുകൊണ്ടിരിക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു. കേരളത്തിലേക്ക് വരാത്തതിൻെറ ഓരോ കാരണത്തെ സംബന്ധിച്ചും ഗവേഷണം നടത്തിയിട്ടില്ലായെങ്കിലും, പൊതുവിൽ ഇവിടെ വരുന്നതിനുള്ള തടസ്സങ്ങളും, പ്രയാസങ്ങളും തീർക്കുവാനും കൂടുതൽപേരെ ആകർഷിക്കുവാനും ഗവൺമെൻറ് ആവുന്നതെല്ലാം ചെയ്തിട്ടുണ്ട്. നമുക്ക് വളരെ ചെറിയ തോതിലാണെങ്കിലും ഒരു യൂണിറ്റിൽനിന്ന് ഉൽപ്പാദനം ആരംഭിക്കാനെങ്കിലും കഴിഞ്ഞു. അത് മതിയെന്നു ഞാൻ പറയുന്നില്ല. ഗവൺമെൻറ് ആവുന്നത്ര വ്യവസായ സംരംഭകരെ ഈ സോണിലേക്ക് ആകർഷിക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. പ്രധാനമായും കേന്ദ്രഗവൺമെൻറാണ് ചെയ്യുന്നത്. സംസ്ഥാന ഗവൺമെൻറും അതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: ഈ യൂണിറ്റിൽ മതിയായ കാരണവും നോട്ടീസും ഉണ്ടായാലേ സമരം നടത്താൻ പറ്റൂ എന്നാണ് മന്ത്രി പറഞ്ഞത്. ഈ കേന്ദ്രത്തിൻെറ ഉദ്ദേശംതന്നെ പരിപൂർണ്ണമായും വിജയപ്രദമാകണമെങ്കിൽ ഇത്തരം കേന്ദ്രങ്ങളിൽ പണിമുടക്കുകളും, സമരങ്ങളും പൂർണ്ണമായി നിരോധിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനെ സംബന്ധിച്ച് വ്യവസായമന്ത്രി ആലോചിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയുള്ള സമയത്ത് ആലോചിച്ച് വേണ്ട നടപടി എടുക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഇവിടെ അത് കഴിയുന്നത്ര ഒഴിവാക്കാനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. നിയമംമൂലം ഒന്ന് ചെയ്താൽ അത് മറ്റ് ചില നിയമങ്ങൾക്ക് ബാധകമാകും. അതുകൊണ്ട് ഈ രംഗത്ത് വരുന്ന ആളുകൾക്ക്, ഇവിടെ തൊഴിൽ കുഴപ്പമുണ്ടാകാനിടയില്ലാത്ത നിലയ്ക്ക് ഉള്ള കരാറുകളും, തീരുമാനങ്ങളും, നയപ്രഖ്യാപനങ്ങളുമാണ് നടത്തിയിട്ടുള്ളത്. പക്ഷേ അവ നിയമംമൂലം നിരോധിക്കുന്നതിനുള്ള നടപടിയെടുത്തിട്ടില്ല. അത് വേണ്ടിവരുമെന്നു തോന്നുന്നുമില്ല.

ഏലത്തോട്ടങ്ങളുടെ കുത്തകപ്പാട്ട വ്യവസ്ഥ

* 535 [572] ശ്രീ. കെ. കെ. തോമസ്:
,, ജോസ് കുറ്റിയാനി:
,, കെ. രാഘവൻ മാസ്റ്റർ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് ഏലത്തോട്ടങ്ങളുടെ കുത്തകപ്പാട്ട വ്യവസ്ഥ നീട്ടിക്കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കന്നി ഏലത്തോട്ടങ്ങളെ അതിൽനിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കന്നി ഏലത്തോട്ടം കൃഷിചെയ്യുന്നവർക്ക് പാട്ട വ്യവസ്ഥ നീട്ടിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ ബി) വനംവകുപ്പ് നീട്ടിക്കൊടുക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഗിരിജനങ്ങൾ കൈവശംവച്ച് കൃഷി ചെയ്യുന്നതൊഴികെയുള്ള കന്നി ഏലത്തോട്ടങ്ങൾ പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് തിരിച്ചെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) കന്നി ഏലത്തോട്ടങ്ങളുടെ പാട്ടക്കാലാവധി നീട്ടിക്കൊടുക്കുന്നത് വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതുകൊണ്ട് കാലാവധി നീട്ടിക്കൊടുക്കേണ്ടതില്ലെന്നാണ് തീരുമാനം. എന്നാൽ ഗിരിജനങ്ങൾ കൈവശംവച്ച് കൃഷിചെയ്യുന്ന കന്നി ഏലത്തോട്ടങ്ങളുടെ കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നീട്ടിക്കൊടുക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

ശ്രീ. ജോസ് കുറിയാനി: കുത്തകപ്പാട്ട കാലാവധി കഴിഞ്ഞ ഏലത്തോട്ടങ്ങൾ ഏറെറടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അങ്ങനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ നടപടികൾ എന്താണെന്നു വ്യക്തമാക്കുമോ? അങ്ങനെ എത്ര ഏക്കർ ഏലത്തോട്ടങ്ങൾ ഏറെറടുത്തു എന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തേ പറഞ്ഞതിൽ ഒരുകാര്യം ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ലായിരിക്കാം, കന്നി ഏലത്തോട്ടങ്ങളുടെ കാലാവധി കഴിഞ്ഞതാണ് ഗവൺമെന്റ് തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഏലത്തോട്ടങ്ങൾക്കുവേണ്ടി സ്ഥലം കൊടുത്തിട്ടുള്ളത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്. അത് വനംവകുപ്പ് നേരിട്ട് കൊടുത്തതല്ല. വർഷങ്ങൾക്കുമുമ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിനു കൊടുത്തിട്ട് റവന്യൂ ഡിപ്പാർട്ടുമെന്റാണ് ഏലത്തോട്ടത്തിന്റെ ലീസ് പുതുക്കിക്കൊടുത്തുകൊണ്ടിരിക്കുന്നത്. കന്നി ഏലത്തോട്ടങ്ങളുടെ കാലാവധി കഴിഞ്ഞ ചില സ്ഥലങ്ങൾ തിരിച്ചെടുത്തിട്ടുണ്ട്.

ശ്രീ. ജോസ് കുറിയാനി: എത്ര ഏക്കർ ഉണ്ടെന്നു പറഞ്ഞില്ല, അതാണ് ഞാൻ ചോദിച്ചത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: തിരിച്ചെടുത്തതിൽ ഏതാണ്ട് 521 ഹെക്ടർ സ്ഥലം കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഇതിനകംതന്നെ ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോസ് കുറിയാനി: 521 ഹെക്ടർ എന്നു പറഞ്ഞത് തൊടുപുഴ താലൂക്കിൽപ്പെട്ട കന്നിഏല ട്രാക്ടിൽപ്പെട്ട പ്രദേശമാണ്. അതാണ് കെ. എസ്. ഡി. സി. ഏറെറടുത്തത് എന്നു പറഞ്ഞു. സി. എച്ച്. റിസർവ്വിലുള്ള കുത്തകപാട്ട കാലാവധി കഴിഞ്ഞ ഏലത്തോട്ടങ്ങൾ ഏതെങ്കിലും ഏറെറടുത്തിട്ടുണ്ടോ? ഏറെറടുത്തിട്ടുണ്ടെങ്കിൽ അത് ഇപ്പോൾ ആരുടെ കൈവശമാണ്? ഏറെറടുത്തില്ലായെങ്കിൽ കാലാവധി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ തോട്ടങ്ങളും മുമ്പ് കൈവശാവകാശക്കാരായ ആളുകളും തുണ്ടുതുണ്ടായി പതിനായിരവും ഇരുപതിനായിരവും പതിനയ്യായിരവുമൊക്കെ വച്ച് വിൽക്കുന്നതായും സർക്കാരിന് കിട്ടേണ്ട പണം ഇങ്ങനെ തടിവെട്ടി നശിപ്പിച്ചും മറ്റും വിറ്റ് കാശുണ്ടാക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സി. എച്ച്. റിസർവ്വിലെ ഏലത്തോട്ടങ്ങൾ തിരിച്ചെടുത്തിട്ടില്ല. കന്നിഏലത്തോട്ടങ്ങളായ സ്ഥലം മാത്രമേ തിരിച്ചെടുത്തിട്ടുള്ളൂ. സി. എച്ച്. റിസർവ്വിൽപ്പെട്ട സ്ഥലങ്ങളിലെ തടിവെട്ടിനശിപ്പിക്കുന്നതായി പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിയെ സംബന്ധിച്ച് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കന്നിഏലത്തോട്ടത്തിന് ലീസിന് കൊടുത്ത സ്ഥലം തിരിച്ചെടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെ തിരിച്ചെടുക്കുന്ന സ്ഥലത്ത് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: തിരിച്ചെടുക്കുന്നതിൽ ഏലകൃഷി തുടർന്നു നടത്താൻ പറ്റുന്ന സ്ഥലം ഇപ്പോൾ കേരള ഫോറസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷനെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് ചിലസ്ഥലങ്ങളിൽ എല്ലാം അത് സുരക്ഷിതമായി സൂക്ഷിച്ചു വരുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഇങ്ങനെ തിരിച്ചെടുക്കുന്നതിൻെറ ഭാഗമായി വല്ല ആദിവാസികൾക്കും ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: ഏറെറടുക്കുന്ന കന്നി ഏലത്തോട്ടങ്ങളിലെ ആദിവാസികൾക്ക് ജോലി നഷ്ടപ്പെടുന്നുവെന്ന സാഹചര്യത്തിൽ കെ.എഫ്.ഡി.സി.ക്ക് ഏൽപ്പിച്ചുകൊടുക്കുന്ന സ്ഥലത്ത് ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ടുപോകുന്ന ആദിവാസികൾക്ക് ജോലി കൊടുക്കാൻകൂടി നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: കുത്തകപ്പാട്ടത്തിനെടുത്തിട്ടുള്ള ഇത്തരം ഏലത്തോട്ടങ്ങൾ വ്യാപകമായി കൈമാറ്റം ചെയ്യപ്പെടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: സി. എച്ച്. റിസർവ്വിൻെറമാത്രമായി എനിക്ക് പറയാൻ കഴിയില്ല. കന്നിഏലത്തോട്ടത്തിൻേറതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: കന്നിഏലത്തോട്ടങ്ങളുടെമാത്രമേ പറഞ്ഞിട്ടുള്ളൂ. മറ്റ് വിവരങ്ങൾ ബഹുമാനപ്പെട്ട ഗവൺമെൻറ് ശേഖരിച്ചിട്ടുണ്ടോ? അതേക്കുറിച്ച് ഗവൺമെൻറിന് വല്ലതും പറയാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: വനംവകുപ്പിലെ ഏലത്തോട്ടങ്ങൾക്കു വേണ്ടി കൊടുത്തതു് എന്നതാണു് ചോദ്യം. വനംവകുപ്പു് പൊതുവായി ഏലത്തോട്ടങ്ങൾക്കുവേണ്ടി ലീസിനു് കൊടുക്കുന്നില്ല. കന്നി ഏലത്തിനുവേണ്ടിയാണു് കൊടുക്കുന്നതു്. അതുകൊണ്ടാണു് ഞാൻ കന്നിഏലത്തിന്റെ കാര്യം ഇവിടെ വിശദീകരിച്ചതു്.

ശ്രീ. തോപ്പിൽരവി: ഏലത്തോട്ടങ്ങൾക്കു്വേണ്ടി നൽകിയ ഭൂമിയിൽനിന്നു് അനധികൃതമായി മരങ്ങൾ വെട്ടിമാറ്റുന്നതായി പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു. ഇതൊഴിവാക്കുന്നതിനു് ഗവൺമെന്റു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സി. എച്ചു്. റിസർവ്വിൽപെട്ട ചില സ്ഥലങ്ങളിൽനിന്നു് മരങ്ങൾ വെട്ടിനശിപ്പിക്കുന്നതായുള്ള പരാതിയെ തുടർന്നു് അതിന്റെപേരിൽ നടപടിയെടുത്തിട്ടുണ്ടു്. ഈയടുത്തകാലത്തു് ഇനി അതു് ആവർത്തിക്കാതിരിക്കാൻ എന്തു് വേണമെന്നുള്ളതിനെക്കുറിച്ചു് ഫോറസ്റ്റു് വകുപ്പിലേയും, റവന്യൂ വകുപ്പിലേയും ഉയർന്ന ഉദ്യോഗസ്ഥൻമാർ ചർച്ച നടത്തി ചില തീരുമാനങ്ങളെല്ലാം അവർ എടുത്തിട്ടുമുണ്ടു്.

ശ്രീ. കെ. കെ. ശ്രീനിവാസൻ: ലീസിനു കൊടുത്തിട്ടുള്ള ഏലത്തോട്ടങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകുകയുണ്ടായി. അങ്ങനെയുള്ള പ്രദേശങ്ങളിലെ ഏലകൃഷി അനാദായകരമായതുകൊണ്ടു് കൂടുതൽ ലാഭകരമായി കൃഷി ചെയ്യാൻ കഴിയുന്നതു് കുരുമുളകു് ആണെന്നു കണ്ടുകൊണ്ടു് വ്യാപകമായ തോതിൽ ആ പ്രദേശങ്ങളെ മാറ്റു് സ്വകാര്യവ്യക്തികൾക്കു് കൈമാറ്റം ചെയ്യുന്നതായിട്ടാണു് ശ്രീ. കുറ്റിയാണി ഉന്നയിച്ചതു്. ബഹുമാനപ്പെട്ട മന്ത്രി അതിനു് ഉത്തരം പറഞ്ഞപ്പോൾ അവിടേയ്ക്കുള്ള റോഡു് നന്നാക്കാൻ ഉള്ള ശ്രമങ്ങൾ നടത്തുന്നതായിട്ടാണു് പറഞ്ഞതു്. ഞാൻ ഉന്നയിക്കുന്ന പ്രശ്നം ഇപ്രകാരം വ്യാപകമായ തോതിൽ കൈമാറ്റം നടക്കുന്നതിനെതിരെ ഗവൺമെന്റു് എന്തു് നടപടി സ്വീകരിച്ചു എന്നും, ഇനിയെന്തു് നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു എന്നുള്ളതിനെക്കുറിച്ചും വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അതേക്കുറിച്ചു് ഇതിനകം കിട്ടിയിട്ടുള്ള പരാതികളെ സംബന്ധിച്ചു് അതു് എങ്ങനെയാണു് കൈകാര്യം ചെയ്യേണ്ടതു് എന്നുള്ളതിനെക്കുറിച്ചു് ഞാൻ നേരത്തേ പറഞ്ഞു; തടിവെട്ടുന്നതിനെക്കുറിച്ചു് ഇതിനകംതന്നെ രണ്ടു് ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ചർച്ച ചെയ്തിട്ടുണ്ടു്. ഇതു് ഇപ്പോൾ പരിശോധനയിലിരിക്കുകയാണു്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: നെല്ലിയാമ്പതി പ്രദേശങ്ങളിൽ ഗവൺമെന്റു് ലീസിനു് കൊടുത്തിട്ടുള്ള സ്ഥലങ്ങളിലുള്ള മരങ്ങൾ വെട്ടി നശിപ്പിക്കുകയും വളരെയേറെ മരങ്ങൾ വെട്ടി വിൽക്കുകയും ചെയ്യുന്ന ഒരു പ്രവണത ഇവിടെ ആരംഭിച്ചിരിക്കുകയാണു്. അതേക്കുറിച്ചു് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ ഫലപ്രദമായി നേരിടാനുള്ള നടപടികളെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: നെല്ലിയാമ്പതി പ്രദേശത്ത് പല വിധത്തിലുള്ള ഭൂമി ലീസിനു കൊടുത്തിട്ടുണ്ട്. മഹാരാജാക്കൻമാരുടെ കാലത്ത് കൊടുത്തിട്ടുള്ള സ്ഥലങ്ങളാണ്. അവിടെ വെള്ളം തളം കെട്ടി നിന്ന് മരങ്ങളെല്ലാം കേടു സംഭവിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വനസംരക്ഷണനിയമം അനുസരിച്ച് അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ലീസിനുകൊടുത്ത വസ്തുക്കളും—കന്നിഏലത്തോട്ടങ്ങളും—തിരിച്ചെടുക്കുന്നുവെന്ന് ബഹുമ്യനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. വളരെ പഴക്കമുള്ള 1977—നുശേഷംവളരെ വർഷങ്ങൾക്ക് മുമ്പ് ലീസിനുകൊടുത്തിട്ടുള്ള ഭൂമി ആ ചെറുകിട കൃഷിക്കാർക്ക് തന്നെ പതിച്ചുകൊടുക്കുന്നതിന്—പട്ടയംകൊടുക്കുന്നതിന് ഉള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കന്നിഏലത്തിനുവേണ്ടി കൊടുത്തിട്ടുള്ള സ്ഥലങ്ങളും തിരിച്ചെടുക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ഇപ്പോഴത്തെ നയം.

ശ്രീ. പി. പി. തങ്കച്ചൻ: ഔദ്യോഗികമായി മലയാളമനോരമ, മാതൃഭൂമി മുതലായ പത്രങ്ങളിൽ കന്നിഏലത്തോട്ടങ്ങളും ഉൾപ്പെടെയുള്ള എല്ലാ തോട്ടങ്ങളുടേയും പാട്ടവ്യവസ്ഥകളും നീട്ടിക്കൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നതായി വാർത്ത വരികയും, തുടർന്ന് കൈവശക്കാർ വീണ്ടും ആ ഭൂമികളിൽ കൃഷിയിറക്കുകയും ചെയ്തിട്ടുണ്ട്. ആ വിവരത്തിന് ബഹുമാനപ്പെട്ട മന്ത്രിക്ക് അവർ മെമ്മോറാണ്ഡവും തന്നിട്ടുണ്ട്. അത് പരിഗണിച്ച് അവർക്ക് പാട്ടവ്യവസ്ഥകളും നീട്ടിക്കൊടുക്കാൻ ആവശ്യമായ നടപടികളും എടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് ആദിവാസികളും അവരുടെ ഉപജീവനമാർഗ്ഗത്തിനുവേണ്ടി നേരിട്ട് നടത്തുന്നതൊഴിച്ചുള്ള കന്നിഏലത്തോട്ടങ്ങളും തിരിച്ചെടുക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ തീരുമാനം.

കൃത്രിമ ആധാരങ്ങൾ

* 536 [573] ശ്രീ. പി. സി. ജോർജ്ജ്:
,, എം. വി. മാണി:
,, സി. എഫ്. തോമസ്:
,, ടി. എസ്. ജോൺ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് വനഭൂമി സംബന്ധിച്ച് കൃത്രിമ ആധാരങ്ങൾ അടുത്തകാലത്ത് ചമച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly